പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6574 — 12.07.2012 ൽ മറുപടിയ്ക്ക്

അനധികൃത കണക്ഷൻ ചാർജ്ജ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ നൽകുമ്പോൾ വീട്ടുകളിൽ നിന്നും കണക്ഷൻ ചാർജ്ജ് എന്ന പേരിൽ ഓവർസിയറും, ലൈൻമാൻമാരും അനധികൃതമായി തുക കൈപ്പറ്റുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ അപ്രകാരം തുക ഈടാക്കുന്ന വൈദ്യുതിബോർഡ് ജീവനക്കാർക്കെതിരെയും കോൺട്രാക്ടർമാർക്കെതിരെയും നടപടി സ്വീകരിക്കുമോ; | (എ) & (ബി) | ഇല്ല; എന്നാൽ, തെളിവ് സഹിതം ഇപ്രകാരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (സി) വൈദ്യുതി കണക്ഷൻ നല്കാനെത്തുന്ന ഉദ്യോഗസ്ഥർക്ക് കണക്ഷൻ ചാർജ്ജ് നൽകേണ്ടതില്ല എന്ന കാര്യം മാധ്യമങ്ങളിലൂടെ പൊതുജന ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സർവ്വീസ് കണക്ഷൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട തുകകൾ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടിക എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിക്കണമെന്ന് 19.11.2010 ലെ ബോർഡ് ഉത്തരവ് പ്രകാരം ഫീൽഡ് ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ